## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4200 — 28/06/2012 -ൽ മറുപടിക്ക്

## എസ്.എസ്.എൽ.സി. ബുക്കിലെ പേരും ജനനതീയതിയും ശരിയാക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | എസ്.എസ്.എൽ.സി. ബുക്കിലെ പേരും, ജനനതീയതിയും തിരുത്തുന്നതിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ; | (ബി) | എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി, ജനനസ്ഥലം, മാതാപിതാക്കളുടെ പേരുകൾ, മേൽവിലാസം എന്നിവകൾ തിരുത്തുന്നതിന് നിലവിലുണ്ടായിരുന്ന സങ്കീർണ്ണമായ നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. പൗരാവകാശ രേഖ പ്രകാരം ജനനത്തീയതി തിരുത്തി നല്കുന്നതിന് 6 (ആറ്) മാസം കാലാവധിയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജനനസർട്ടിഫിക്കറ്റ് മാത്രം ആധികാരിക രേഖയായി പരിഗണിക്കുന്നതിനാൽ പൊതുവെ 2 (രണ്ട്) മാസത്തിനകം ജനനത്തീയതി തിരുത്തി നല്കിവരുന്നു. ജനനത്തീയതി തിരുത്തുന്നതിനും മറ്റ് തിരുത്തലുകൾക്കും നിലവിലുണ്ടായിരുന്ന അപേക്ഷ ഫാറങ്ങൾ ലളിതമാക്കുകയുണ്ടായി. എല്ലാ ഫാറങ്ങളുടെയും അനുബന്ധ രേഖകളുടെയും വിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാക്കി.<br>രാജ്യത്തിനകത്തും വിദേശരാജ്യങ്ങളിലും വിദ്യാഭ്യാസം, തൊഴിൽ ഇവ സംബന്ധമായി പോകുന്ന അപേക്ഷകർക്ക് ആയതിന്റെ രേഖകൾ സമർപ്പിക്കുന്നപക്ഷം 2 (രണ്ട്) ദിവസങ്ങൾക്കുള്ളിൽ തിരുത്തൽ നടത്തി നല്കുന്നുണ്ട്. |
| (സി) | പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അതാത് ജില്ലകളിൽ അദാലത്ത് നടത്തുന്ന കാര്യം ആലോചനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ ? | | എല്ലാ ജില്ലകളിലും അദാലത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ